# മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി

# സോഷ്യൽ ഓഡിററ് സൊസൈററി, കേരള.

**ആലപ്പുഴ ജില്ല**

## സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

**1/10/2019-31/03/2019**

**ബ്ലോക്ക് :കഞ്ഞിക്കുഴി**

**ഗ്രാമ പഞ്ചായത്ത് :കടക്കരപ്പള്ളി**

**വാർഡ് :6**

# ഉള്ളടക്കം

1. സോഷ്യൽ ഓഡിറ്റ്.......................................................3

2. പ്രവർത്തികൾ..............................................................4

3. 7 രജിസ്റ്ററുകൾ..............................................................6

4. ഫയൽ പരിശോധന....................................................8

5. ഫീൽഡ് പരിശോധന.................................................13

6. അവകാശ നിഷേധങ്ങൾ............................................18

7. നിരീക്ഷണങ്ങളും കണ്ടെത്തലുകളും......................19

8. ഏറ്റെടുക്കാവുന്ന പ്രവർത്തികൾ............................19

9. ഗ്രാമസഭ മിനുട്സ്.......................................................20

# സോഷ്യൽ ഓഡിറ്റ്

ഒരു ഗവൺമെൻറ് പദ്ധതിയുടെ നടത്തിപ്പിലൂടെ അവയുടെ പ്രഖ്യാപിത ലക്ഷ്യം എത്രത്തോളം കൈവരിക്കാൻ സാധിച്ചുവെന്നും അതിലൂടെ ഉണ്ടായ സാമൂഹ്യനേട്ടവും, പ്രശസ്തിയും എത്രമാത്രം ആണെന്ന് പൊതുസമൂഹം നേരിട്ട് നടത്തുന്ന അന്വേഷണവും,കണക്കെടുപ്പും,പരിശോധനയും, വിലയിരുത്തലുമാണ് സോഷ്യൽ ഓഡിറ്റ്.പൊതുസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളും പൊതുപദ്ധതികളുടെ നടത്തിപ്പും ജനങ്ങൾക്ക് പ്രയോജനപ്പെടുന്ന വിധത്തിൽ നടപ്പാക്കുന്നതിനും പൊതുഭരണം ജന സൌഹാർദ്ദപരം ആക്കുന്നതിനും വേണ്ടിയുള്ള ജാഗ്രതയാണ് സോഷ്യൽ ഓഡിറ്റ്.

മറ്റ് പദ്ധതികളിൽ നിന്നും തൊഴിലുറപ്പ് പദ്ധതിയെ വ്യത്യസ്തം ആക്കുന്നത് സോഷ്യൽ ഓഡിറ്റാണ്. തൊഴിലുറപ്പ് നിയമത്തിന്റെ 17(2) വകുപ്പിൽ തൊഴിലുറപ്പ് പദ്ധതിയിലൂടെ ഏറ്റെടുത്ത എല്ലാ പ്രവർത്തികളും 6 മാസത്തിലൊരിക്കൽ സോഷ്യൽ ഓഡിറ്റിങ്ങിന് വിധേയമാക്കേണ്ടതാണ്.സോഷ്യൽ ഓഡിറ്റിനുവേണ്ട സൌകര്യങ്ങൾ ചെയ്യതുകൊടുക്കുക, രജിസ്റ്ററുകളും റെക്കോഡുകളും ലഭ്യമാക്കുക എന്നിവ ഗ്രാമപഞ്ചായത്തിൻറെ ചുമതലകളാണ്.

മഹാത്മാഗാന്ധി ദേശിയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതിയിൽ സുഗമവും, സുതാര്യവുമായി സോഷ്യൽ ഓഡിറ്റ് നടത്തുന്നതിന് കേരളത്തിൽ സ്വതന്ത്ര ചുമതലയുള്ള സോഷ്യൽ ഓഡിറ്റ് യൂണിറ്റ് (as per G.O (Rt) No.3906/2015/LSGD,Dated 30.12.2015) 31.01.2017 ൽ നിലവിൽ വന്നു.യൂണിറ്റ് ട്രാവൻകൂർ കൊച്ചിൻ ചാരിറ്റബിൾ സൊസൈറ്റി നിയമം 1955(No.TVM/TC/123/2017) പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്.

കടക്കരപ്പള്ളി പഞ്ചായത്ത് w-6 ൽ 1/10/2018 മുതൽ 31/03/2019 വരെ പൂർത്തീകരിച്ച 15 പ്രവർത്തികളാണ് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കിയിട്ടുള്ളത്.

# സോഷ്യൽ ഓഡിററിന് വിധേയമാക്കിയ പ്രവർത്തികൾ

| ക്രമ നം ബർ | പ്രവർത്തിയുടെ പേരും കോഡും | ആരംഭിച്ച തിയതി | അവസാ നിച്ച തിയതി | എസ്ററിമേറ റ് തുക | ചെലവാ യ തുക |
|---|---|---|---|---|---|
| 1. | കാലിത്തൊഴുത്ത് നിർമ്മാണം(രാധമ്മ കണ്ടത്തിൽ)*IF/365075* | 27/11/2018 | 07/03/2019 | 1,29247/- | 1,26553/- |
| 2. | ലൈഫ് ഭവന പദ്ധതി(അംബിക വൃന്ദാവനം ) IF/354418 | 20/09/2018 | 05/08/2019 | 26,390/- | 24,390/- |
| 3. | ടീച്ചേഴ്സ് ലെയ്ൻ റോഡ് RC/276496 | 27/12/2018 | 12/01/2019 | 1,85831/- | 1,73337/- |
| 4. | കാലിത്തൊഴുത്ത് നിർമ്മാണം(ഗീത കുന്നെവെളി) IF/364526 | 27/11/2018 | 11/03/2019 | 1,29247/- | 1,26853/- |
| 5. | തരിശുനിലം കൃഷിയോഗ്യമാക്കൽ(p3) LD/230218 | 19/02/2019 | 18/03/2019 | 1,20787/- | 64,788/- |
| 6. | IHHL ശ്രീലത അർജുന്ഭവനം RS/338307 | 08/01/2019 | 21/01/2019 | 29,272/- | 12,000/- |
| 7. | ഗ്രൂപ്പ് കൃഷിക്കായി തരിശുനിലം കൃഷിയോഗ്യമാക്ക ൽ(p1) LD/230216 | 07/02/2019 | 22/03/2019 | 1,20177/- | 89,449/- |
| 8. | വലിയവെളി ഗ്രാവൽ റോഡ് RC/278871 | 20/03/2019 | 30/03/2019 | 3,65355/- | 3,05142/- |
| 9. | കാലിത്തൊഴുത്ത് നിർമ്മാണം(സതീശൻ വർണ്ണം)IF/365073 | 27/11/2018 | 13/02/2019 | 1,29247/- | 1,26555/- |

| | | | | | |
|---|---|---|---|---|---|
| 10. | വെളിയനാട് തോട് ആഴം കൂട്ടി വശങ്ങളിൽ തീറ്റപ്പുൽ,രാമച്ചം എന്നിവ വെച്ച് പിടിപ്പിക്കൽ WH/302223 | 02/10/2019 | 22/10/2018 | 1,70926/- | 1,11058/- |
| 11. | കാക്കോത്തുമഠം നടപ്പാത RC/278870 | 21/03/2019 | 22/03/2019 | 57,143/- | 49,549/- |
| 12. | കുന്നെവെളി തോട് ആഴം കൂട്ടി വശങ്ങളിൽ തീറ്റപ്പുൽ,രാമച്ചം എന്നിവ വെച്ച് പിടിപ്പിക്കൽ WH/302226 | 02/10/2018 | 22/10/2018 | 1,61177/- | 1,10148/- |
| 13. | IHHL ലളിത എ്വനേഴത്ത് RS/340017 | 02/10/2018 | 15/10/2018 | 12,000/- | 12,000/- |
| 14. | ഗ്രൂപ്പ്കൃഷിക്കായി തരിശുനിലം കൃഷിയോഗ്യമക്കല് (P2) LD/230217 | 19/02/2019 | 18/03/2019 | 1,23787/- | 73,731/- |
| 15. | കാലിത്തൊഴുത്ത് നിർമ്മാണം (മല്ലിക രേവതി നിലയം) IF/365079 | 27/11/2018 | 16/02/2019 | 1,29247/- | 1,26554/- |

**മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു നിയമം(2005) പ്രകാരം പഞ്ചായത്തുകളിൽ നിർബന്ധമായും 7 രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്**

1. തൊഴിൽ കാർഡിനുള്ള കുടുംബ അപേക്ഷയുടെ രജിസ്റ്റർ
2. ഗ്രാമസഭ സോഷ്യൽഓഡിറ്റ് മീറ്റിംഗ് രജിസ്റ്റർ
3. തൊഴിൽ ആവശ്യപ്പെട്ടതും തൊഴിൽ കൊടുത്തതും സംബന്ധിച്ച രജിസ്റ്റർ
4. പ്രവർത്തിയുടെ ലിസ്റ്റും ചിലവും വിശദശാംശങ്ങളും സംബന്ധിച്ച രജിസ്റ്റർ
5. സ്ഥിര ആസ്തികളുടെ രജിസ്റ്റർ
6. പരാതി രജിസ്റ്റർ
7. സാധന രജിസ്റ്റർ

**പഞ്ചായത്തിലെ 7 രജിസ്റ്ററുകൾ പരിശോധിച്ചതിൽ നിന്നും കണ്ടെത്തിയ കാര്യങ്ങൾ**

## 1. തൊഴിൽ കാർഡിനുള്ള കുടുംബ അപേക്ഷയുടെ രജിസ്റ്റർ

- സെക്രട്ടറി സർട്ടിഫൈ ചെയ്ത കവർ പേജ് രജിസ്റ്ററിനു ഉണ്ടായിരുന്നു.
- പാർട്ട് എ),ബി,സി,ഡി എന്നീ ഫോർമാറ്റുകൾ എം.ഐ.എസിൽ നിന്നും പ്രിന്റ് എടുത്ത് സൂക്ഷിച്ചിരുന്നു.

## 2. ഗ്രാമസഭ സോഷ്യൽ ഓഡിറ്റ് മീറ്റിംഗ് രജിസ്റ്റർ

- രജിസ്റ്ററിൽ കവർ പേജ് ഉൾപ്പെടുത്തിയിരുന്നില്ല.
- സെക്രട്ടറി പേജുകൾ സാക്ഷ്യപെടുത്തിയിട്ടില്ല.
- ഈ സാമ്പത്തിക വർഷത്തിൽ നടന്ന തൊഴിലാളി ഗ്രാമസഭയുടെ മിനുറ്റ്സ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്.
- നടപ്പാത നിർമ്മാണം,റോഡ് നിർമ്മാണം,കാലിത്തൊഴുത്തു നിർമ്മാണം, ടോയ്‌ലറ്റ് നിർമ്മാണം തുടങ്ങിയ പ്രവർത്തികൾ മിനുട്സ്ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

- സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ മിനുറ്റ്സ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.
- വ്യക്തിഗത ഗുണഭോക്താക്കളുടെ പേരുവിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.

3. **തൊഴിൽ ആവശ്യപ്പെട്ടതും തൊഴിൽ കൊടുത്തതും സംബന്ധിച്ച രജിസ്റ്റർ**

- കവർപേജ് ഉണ്ടായിരുന്നില്ല.
- എം.ഐ.എസ് പകർപ്പ് തുടങ്ങിയവ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിരുന്നു

4. **പ്രവർത്തിയുടെ ചിലവും വിശദശാംശങ്ങളും സംബന്ധിച്ച രജിസ്റ്റർ**

- കവർപേജ് ഉണ്ടായിരുന്നില്ല.
- എം.ഐ.എസ് പകർപ്പ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിരുന്നില്ല

5. **സ്ഥിര ആസ്തികളുടെ രജിസ്റ്റർ**

- കവർപേജ് ഉണ്ടായിരുന്നില്ല.
- വാർഡുകളിലെ അസെറ്റുകൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്

6. **പരാതി രജിസ്റ്റർ**

- പരാതി രജിസ്റ്ററിൽ സെക്രട്ടറി സർട്ടിഫൈ ചെയ്ത കവർപേജ് ഉണ്ടായിരുന്നില്ല .

7. **സാധന രജിസ്റ്റർ**

- കവർപേജ് ഉൾപ്പെടുത്തിയിരുന്നില്ല.
- 2018 -2019 വർഷത്തെ രജിസ്റ്ററിൽ ആ വർഷം നടപ്പിലാക്കിയ മിക്ക പദ്ധതികളും കണ്ടെത്താൻ സാധിച്ചില്ല.
- 2019-2020 ഇലെ രജിസ്റ്ററിലാണ് പ്രസ്തുത പ്രവർത്തികൾ കാണാൻ സാധിച്ചത്.
- എം ഐ എസിൽ നിന്നും വിവരങ്ങൾ പ്രിന്റ് എടുത്തു സൂക്ഷിച്ചിട്ടുണ്ട്.

# ഫയൽ പരിശോധനയിലെ കണ്ടെത്തലുകൾ

## 1.കവർപേജ്

AMC പ്രകാരമുള്ള കവർ പേജ്, പരിശോധിച്ച 15 ഫയലുകളിലും ഉണ്ടായിരുന്നു. പദ്ധതിയുടെ പേര് MAHATMA GANDHI NATIONAL RURAL EMPLOYMENT GUARANTEE SCHEME എന്നതിന് പകരം MAHATMA GANDHI NATIONAL EMPLOYMENT GUARANTEE SCHEME എന്ന് കാണപ്പെട്ടു.ഈ പദ്ധതി ഗ്രാമപഞ്ചായത്തുകൾക് കീഴിൽ ഉൾപ്പെട്ട പ്രദേശങ്ങളിൽ മാത്രം നടക്കുന്നതിനാൽ RURAL എന്ന വാക്കിന് പ്രാധാന്യം ഉണ്ട്

.പ്രവർത്തിയുടെ പേര്, പ്രവർത്തി അംഗീകരിച്ച വർഷം, ലൊക്കേഷൻ, പദ്ധതി നിർവ്വഹണ ഏജൻസി, പ്രവർത്തി ആരംഭിച്ച തിയതി, ബ്ലോക്ക്, പഞ്ചായത്ത്,അസംബ്ലി നിയോജക മണ്ഡലം എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.15 പ്രവർത്തികളുടെ ഫയലുകളിൽ ഒന്നും തന്നെ Sr.No of the work in approved shelf of work, എസ്റ്റിമേറ്റ് തുക, ചിലവായ തുക, അവസാനിച്ച തീയതി,Geo Tag,സാങ്കേതിക വിദഗ്ദ്ധന്റെ പേര്,കാറ്റഗറി, സോഷ്യൽ ഓഡിറ്റ് നടത്തിയ വിവരങ്ങള് തുടങ്ങിയ രേഖപ്പെടുത്തലുകൾ ഉണ്ടായിരുന്നില്ല.

**2.ചെക്ക് ലിസ്റ്റ്**

15 ഫയലിലും പേജ് നമ്പർ രേഖപ്പെടുതാത്ത ചെക്ക് ലിസ്റ്റ് ഉണ്ടായിരുന്നു.

**3. വാർഷിക കർമ്മ പദ്ധതി**

ആക്ഷൻ പ്ലാനിൽ പദ്ധതിയുടെ പേര് ഉൾപ്പെടുന്ന പേജിന്റെ പകർപ്പ് എല്ലാ ഫയലിലും ഉണ്ടായിരുന്നു.

**4. എസ്റ്റിമേറ്റ്**

കവർ പേജ് ഉണ്ടായിരുന്നു.വിശദമായ എസ്റ്റിമേറ്റിൽ അക്രഡിറ്റഡ് എൻജിനിയർ ഒപ്പും തീയതിയും രേഖപ്പെടുത്തിയിരുന്നില്ല. Rate analysis, Abstact Estimate, lead and lift statement, material statement, labour abstract, Estimate report, drawing and design, survey data എന്നിവ ഒരു ഫയലിലും ഉണ്ടായിരുന്നില്ല. എസ്റ്റിമേറ്റ് ജനകീയ ഭാഷയിൽ ആയിരുന്നില്ല. ആയുധങ്ങളുടെ വാടക,രാമച്ചം, തീറ്റപ്പുൽ മുതലായ നടീൽ വസ്തുക്കൾ വാങ്ങാനുള്ള തുക എന്നിവ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നില്ല.പ്രവർത്തി എവിടെയൊക്കെ നടക്കുന്നുവെന്നുള്ള സർവെ നമ്പർ ഉൾപ്പടെയുള്ള വിവരങ്ങൾ ഫയലിൽ ഉണ്ടായിരുന്നു.

**5.സാങ്കേതികാനുമതി**

സാങ്കേതികാനുമതിയിൽ LSGD AE എന്നിവർ മിക്ക ഫയലിലും ഒപ്പുംസീലും രേഖപ്പെടുത്തിയിട്ടില്ല.ചില ഫയലിൽ പഞ്ചായത്തിൽ ലഭ്യമാക്കിയിരുന്ന കോപ്പി ആണ് ഉപയോഗിച്ചിരുന്നത്

**6. ഭരണാനുമതി**

പഞ്ചായത്ത് കമ്മറ്റിയുടെ ഭരണാനുമതി, (സെക്രട്ടറിയുടെ ഒപ്പ്, സീൽ) ഫയലിൽ ഉൾപെടുതിയിട്ടില്ല. എന്നാല് സെക്രട്ടറിയുടെ നടപടി ക്രമത്തിൽ ഭരണാനുമതി നമ്പറും തീയതിയും രേഖപെടുതിയിരുന്നു

**7.സംയോജിത പദ്ധതിയുടെ വിവരങ്ങൾ**

3 ഫയലുകൾ സംയോജിത പദ്ധതിയില് ഉൾപെട്ടതായിരുന്നു ഈ മൂന്ന് ഫയലിലും സംയോജിത പദ്ധതിയുടെ ഫോറം ഉണ്ടായിരുന്നു.

**8. ഡിമാൻഡ് ഫോറം**

അനുഛേദം A,B പ്രകാരമുള്ള ഡിമാന്റ് ഫോറം ഒരു ഫയലിലും ഉണ്ടായിരുന്നില്ല.ചില ഡിമാൻഡ് ഫോറങ്ങൾ ഗ്രൂപ്പായി നല്കിയിട്ടുള്ളതാണ്. വ്യക്തിഗത അപേക്ഷക്ക് ANNEXURE 3(A) എന്നും ഗ്രൂപ്പായി ഉള്ള അപേക്ഷക്ക് 3(B) എന്നും രേഖപ്പെടുത്തേണ്ടതാണ് എന്നാൽ അത് ഫയലിൽ കണ്ടെത്താൻ സാധിച്ചില്ല. ഗ്രൂപ്പായി തൊഴിൽ ആവശ്യപ്പെടുന്ന എഴുതി തയ്യാറാക്കിയ ഫോമിൽ തൊഴിലാളികളുടെ പേര്, തൊഴിൽ കാർഡ് നമ്പർ, ഒപ്പു എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്.തിയതി രേഖപ്പെടുത്തിയിരുന്നു എന്നാല് കൈപ്പറ്റ് രസീത് സൂക്ഷിചിരുന്നില്ല.

**9. വർക്ക് അലോക്കേഷൻ ഫോറം.**

അനുഛേദപ്രകാരമുള്ള വർക്ക് അലോക്കേഷൻ ഫോം എല്ലാ ഫയലിലും ഉണ്ടായിരുന്നു.

**10.E-Muster Roll**

മസ്റ്റർറോളിൽ എം ബുക്ക് നമ്പർ, പേജ് നമ്പർ തുടങ്ങിയവ ഇല്ലായിരുന്നു. മേറ്റിന്റെ ഒപ്പു, മസ്റ്റർറോൾ പരിശോധിച്ച ഉദ്യോഗസ്ഥൻറെ ഒപ്പു എന്നിവ ചില ഫയലുകളിൽ രേഖപ്പെടുത്തിയിരുന്നു. BDO, പഞ്ചായത്ത് സെക്രട്ടറി എന്നിവർ തിയതിയില്ലാതെ ഒപ്പും സീലും രേഖപ്പെടുത്തിയിട്ടുണ്ട്.തൊഴിൽ ചെയ്ത തിയതി, ആകെ തൊഴിൽ ചെയ്ത ദിനങ്ങൾ, ആകെ വേതനം എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.ദിവസം രണ്ട് പ്രാവശ്യം തൊഴിലാളികൾ ഹാജർ രേഖപ്പെടുത്തുന്നുണ്ട്.തൊഴിലുപകരണങ്ങളുടെ വാടക രേഖപ്പെടുത്തിയിട്ടില്ല..

M.Rollൽ ഓവർസിയർ ഒപ്പ് രേഖപ്പെടുത്തിയിരുന്നില്ല. ചില ഫയലുകളിൽ മേറ്റും ഒപ്പ് രേഖപെടുതിയിരുന്നില്ല.

**11.M- Book**

പരിശോധിച്ച എല്ലാ ഫയലിലും M.Book ഉണ്ടായിരുന്നു. എല്ലാ ഫയലിലെയും എം ബുക്ക് സെക്രട്ടറി സെർടിഫയ് ചെയ്തിരുന്നു. 5 ഫയലുകളിലെ എം ബുക്കിൽ AE,ഓവര്സീർ എന്നിവര് ഒപ്പും സീലും രേഖപെടുതിയിരുന്നു. എല്ലാ ഫയലിലും പഞ്ചായത്ത് സെക്രട്ടറി തുക പാസ്സാക്കിയിട്ടുണ്ട്.എസ്റ്റിമേറ്റ് തുകയും യഥാർത്ഥ ചിലവും തമ്മിലുള്ള വ്യത്യാസം ഒരു ഫയലിലും രേഖപ്പെടുത്തിയിട്ടില്ല.

**12. മെറ്റീരിയൽവാങ്ങിയതുമായി ബന്ധപ്പെട്ട രേഖകൾ**

പരിശോദിച്ച 13 ഫയലുകളിലും മെറ്റീരിയൽ വാങ്ങിയതുമായി ബന്ധപെട്ട രേഖകൾ ഉണ്ടായിരുന്നു.

**13. വേജ് ലിസ്റ്റ്**

മസ്റ്ററോൾ പ്രകാരമുള്ള വേജ് ലിസ്റ്റ് എല്ലാ ഫയലിലും ഉണ്ടായിരുന്നു.വെജ് ലിസ്റ്റ് സെക്രട്ടറി സാക്ഷ്യപെടുത്തിയിരുന്നു.

**14.FTO**

വേജ് ലിസ്റ്റ് പ്രകാരമുള്ള FTO എല്ലാ ഫയലിലും ഉണ്ടായിരുന്നു.

**15 .മെറ്റീരിയൽ വൗച്ചർ & ബിൽ**

മെറ്റീരിയൽ ഇനത്തിൽ ബോർഡ്,ഗ്രവൽ,സിമന്റ് എന്നിവ വാങ്ങിയതിന്റെ

ബില്ലുകൾ ഫയലില് ഉൾപ്പെടുത്തിയിരുന്നു.

**16. റോയൽറ്റി**

റോയൽറ്റി നൽകേണ്ട പ്രവർത്തി ഫയലുകൾ പരിശോധിച്ചിട്ടില്ല.

**17.പ്രവർത്തിയുടെ മൂന്നു ഘട്ടങ്ങളിലെ ഫോട്ടോ**

പ്രവർത്തിയുടെ മൂന്നു ഘട്ടങ്ങളിലെ ഫോട്ടോ ഒരു ഫയലുകളിലും ഉൾപെടുത്തിയിരുന്നില്ല.

**18. പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രം**

പരിശോധിച്ച ഒരു ഫയലിലും പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രം ഉണ്ടായിരുന്നില്ല.

**19. മസ്റ്ററോൾ മൂവ്മെന്റ് സ്ലിപ്**

മസ്റ്ററോൾ മൂവ്മെന്റ് സ്ലിപ്പിൽ പ്രവർത്തിയുടെ പേര്,ബ്ലോക്ക്, പഞ്ചായത്ത്, A.S നമ്പറും, തീയതിയും,T.S നമ്പറും തിയതി എന്നിവ രേഖപെടുത്തിയിരുന്നു. മസ്റ്ററോൾ നമ്പർ,തീയതി, മെഷർമെന്റ് തീയതി MIS ൽ upload ചെയ്ത തീയതി, തൊഴിൽ ദിനങ്ങൾ,സാധനവേതന ഘടകം തുടങ്ങിയവ രേഖപെടുതിയിരുന്നില്ല ജൂനിയർ സൂപ്രണ്ട്,പ്രസിഡന്റ് എന്നിവ സ്ലിപ്പില് ഒപ്പ് വെച്ചിട്ടുണ്ട്.സെക്രെട്ടറി ഒപ്പ് രേഖപെടുത്തിയിരുന്നില്ല.

**20. ജിയോടാഗ് ഫോട്ടോഗ്രാഫ്**

പരിശോധിച്ച ഒരു ഫയലിലും ഉണ്ടായിരുന്നില്ല.

**21. സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ്**

പരിശോധിച്ച ഒരു ഫയലിലും ഉണ്ടായിരുന്നില്ല.

**22. സൈറ്റ് ഡയറി.**

പരിശോധിച്ച ഒരു ഫയലിലും സൈറ്റ് ഡയറി ഉണ്ടായിരുന്നില്ല.

# ഫീൽഡ് പരിശോധനയിലെ കണ്ടെത്തലുകൾ

## 1.കാലിത്തൊഴുത്ത് നിർമ്മാണം(രാധമ്മ,കണ്ടത്തിൽ) IF/365075

എസ്ടിമേറ്റ് പ്രകാരമുള്ള 39 ദിവസത്തെ തൊഴിൽ ലഭിച്ചതായി മനസ്സിലായി. ഫീൽഡ് തല പരിശോധനയിൽ നിന്ന് 39 ദിവസത്തെ unskilled വേതനം ലഭിച്ചതായി തൊഴിലാളികൾ അഭിപ്രായപെട്ടു. സാധന ഘടകമായി എം ബുക്കിൽ 90964 രൂപ എന്നും ഡിസ്പ്ലേ ബോർഡില് 90104 രൂപ എന്നും രേഖപെടുത്തി കണ്ടു. സാധന ഘടകം ലഭിച്ചതായി തൊഴിലാളി അഭിപ്രായപ്പെട്ടു.Skilled/semiskilled വേതനമായ 25020 രൂപ തൊഴിലാളികൾക്ക് ലഭിച്ചിട്ടില്ല. എസ്റ്റിമേറ്റ് തുക 129247/- രൂപയും എം ബുക്ക് പ്രകാരം നൽകിയിട്ടുള്ള തുക 126553/- രൂപയും ആണ്.എസ്റ്റിമേറ്റും എകസ്പെൻഡിചറും തമ്മിലുള്ള വ്യത്യാസം 2694/- രൂപയാണ്.

## 2.ലൈഫ് ഭവന പദ്ധതി (അംബിക വൃന്ദാവനം)IF/354418

എസ്ടിമേറ്റ് പ്രകാരമുള്ള 90 തൊഴിൽ ദിനങ്ങള് ലഭിച്ചിട്ടുള്ളതായി ഫീൽഡ് തല പരിശോധനയിൽ കണ്ടെത്തി. 90 ദിവസത്തെ വേതനം തൊഴിലാളിക്ക് ലഭിച്ചതായി മനസ്സിലാക്കാൻ സാധിച്ചു. എസ്റ്റിമേറ്റ് തുക 27390 രൂപയായിരുന്നു എം ബുക്ക് പ്രകാരം 90 ദിവസത്തെ വേതനമായ 24390 രൂപയാണ് തൊഴിലാളിക്ക് നൽകിയിട്ടുള്ളത്.എസ്റ്റിമേറ്റും എം ബുക്കും തമ്മിലുള്ള വ്യത്യാസം 2000 രൂപയാണ്.

## 3.ടീച്ചേഴ്സ് ലെയിൻ ഗ്രാവല് റോഡ് RC/276496

എം ബുക്ക് പ്രകാരമുള്ള 160m നീളവും 3m വീതിയും ഫീൽഡ് പരിശോധനയില് കണ്ടെത്താന് സാധിച്ചു. മെറ്റീരിയൽ രജിസ്റ്ററിൽ ഡിസ്പ്ലേ ബോർഡിന് 5000 രൂപ(ബിൽ നമ്പർ-411) 16/03/2019 -നു നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ട്

സൈറ്റിൽ അത് കണ്ടെത്താന് സാധിച്ചില്ല.ഇപ്പോൾ റോഡ് ശോചനീയമായ അവസ്ഥയിൽ ആണുള്ളത്.10 തൊഴിലാളികൾക്കായി 151 തൊഴിൽ ദിനങ്ങള് നൽകിയിട്ടുണ്ട്.വേതനമായി 28276 രൂപ നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റ് തുക 185831/- രൂപയും എം ബുക്ക് പ്രകാരം നൽകിയിട്ടുള്ള തുക 173337/- രൂപയും ആണ്.എസ്റ്റിമേറ്റും എകസ്പെൻഡിചറും തമ്മിലുള്ള വ്യത്യാസം 12494/- രൂപയാണ്.

**4.കാലിത്തൊഴുത്ത് നിർമ്മാണം(ഗീത,കുന്നേൽവെളി)IF/364526**

എം ബുക്ക് പ്രകാരമുള്ള 39 തൊഴിൽ ദിനങ്ങളും,വേതനവും ലഭ്യമായിട്ടുണ്ട്. എന്നാൽ സ്കിൽഡ്/സെമി സ്കിൽഡ് തുക തൊഴിലാളികൾക്ക് ലഭിച്ചിട്ടില്ല എന്ന് തൊഴിലാളികൾ അഭിപ്രായപെട്ടു.വെള്ളം കയറിയതിനാൽ തൊഴുത്തിന്റെ പണി പൂർത്തികരിക്കാന് സാധിച്ചിട്ടില്ല. എസ്റ്റിമേറ്റ് തുക 129247/- രൂപയും എം ബുക്ക് പ്രകാരം നൽകിയിട്ടുള്ള തുക 126853/- രൂപയും ആണ്.എസ്റ്റിമേറ്റും എകസ്പെൻഡിചറും തമ്മിലുള്ള വ്യത്യാസം 2394/- രൂപയാണ്.

**5.ഗ്രൂപ്പ് കൃഷിക്കായി തരിശുനിലം കൃഷിയോഗ്യമാക്കൽ(p3)LD/230218**

എം ബുക്ക് പ്രകാരമുള്ള 14 തൊഴിലാളികൾക്ക് 228 തൊഴിൽ ദിനങ്ങളാണ് ലഭിച്ചിട്ടുള്ളത്.എം ബുക്ക് പ്രകാരം ഡിസ്പ്ലേ ബോർഡിന് 3000 രൂപ വകയിരുതിയിട്ടുണ്ടായിരുന്നു എന്നാൽ സൈറ്റില് ഡിസ്പ്ലേ ബോർഡ് കാണാന് സാധിച്ചില്ല.തുടക്കത്തിൽ പയർ,പീച്ചിൽ,വെണ്ട തുടങ്ങിയവ ആയിരുന്നു കൃഷി ചെയ്തിരുന്നത്.ഒരു തവണ വിളവെടുപ്പ് നടത്തുകയും ചെയ്തു.പിന്നീട് സൈറ്റിൽ വെള്ളം കയറിയതിനാല് കൃഷി നശിക്കുകയുണ്ടായി.നിലവിൽ വാഴ,കപ്പ എന്നിവയാണ് കൃഷി ചെയ്യുന്നത്. എസ്റ്റിമേറ്റ് തുക 120787/- രൂപയും എം ബുക്ക് പ്രകാരം നൽകിയിട്ടുള്ള തുക 64788/- രൂപയും ആണ്.എസ്റ്റിമേറ്റും എകസ്പെൻഡിചറും തമ്മിലുള്ള വ്യത്യാസം 55999/- രൂപയാണ്.

**6.IHHL ടോയിലെറ്റ് നിർമ്മാണം(ശ്രീലത,അർജുന്ഭവൻ)RS/338307**

എസ്ടിമേറ്റ് പ്രകാരം AAY ഗുണഭോക്തവിനു മെറ്റീരിയൽ ഇനത്തില് 8748 രൂപയും വേതന ഇനത്തിൽ 3252 രൂപയും നൽകിയിട്ടുണ്ട്.ഫീൽഡ് പരിശോധനയില് വ്യക്തിഗത ഗുണഭോക്താവിന്റെ ടോയിലറ്റ് നിർമ്മാണം പൂർത്തിയായതായി

കാണാൻ കഴിഞ്ഞു. ഗുണഭോക്താവിന്റെ തൊഴില്കാർഡ് പരിശോധനയില് 12 ദിവസത്തെ തൊഴിൽ ലഭിച്ചതായി മനസ്സിലാക്കാൻ സാധിച്ചു.എസ്റ്റിമേറ്റ് തുക 29272/- രൂപയും എം ബുക്ക് പ്രകാരം നൽകിയിട്ടുള്ള തുക 12000/- രൂപയും ആണ്

.എസ്റ്റിമേറ്റും എകസ്പെൻഡിചറും തമ്മിലുള്ള വ്യത്യാസം 17272/- രൂപയാണ്.

**7.ഗ്രൂപ്പ് കൃഷിക്കായി തരിശുനിലം കൃഷിയോഗ്യമാക്കൽ(P1)LD/230216**

എം ബുക്ക് പ്രകാരം 319 തൊഴിൽ ദിനങ്ങള് ലഭിച്ചിട്ടുണ്ട്.അൺസ്കിൽഡ് തൊഴിലാളികൾക്ക് 86,449 രൂപ ലഭിച്ചതായി മനസ്സിലാക്കാൻ സാധിച്ചു.എം ബുക്ക് പ്രകാരം ഡിസ്പ്ലേ ബോർഡിന് 3000 രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും സൈറ്റില് കാണാൻ സാധിച്ചില്ല.ചീര,വെണ്ട,പയർ തുടങ്ങിയവയാണ് കൃഷി ചെയ്തിരുന്നത്. എന്നാൽ വിളവെടുപ്പിന് ശേഷം വെള്ളപ്പൊക്കത്തില് നശിക്കുകയും ചെയ്തു.നിലവിൽ വാഴ കൃഷിയാണ് ചെയ്തു വരുന്നത്. എസ്റ്റിമേറ്റ് തുക 120177/- രൂപയും എം ബുക്ക് പ്രകാരം നൽകിയിട്ടുള്ള തുക 89449/- രൂപയും ആണ്.

എസ്റ്റിമേറ്റും എകസ്പെൻഡിചറും തമ്മിലുള്ള വ്യത്യാസം 30728/- രൂപയാണ്.

**8.വലിയവെളി ഗ്രാവൽ റോഡ് RC/278871**

11 തൊഴിലാളികളാണ് ഈ പദ്ധതിക്കുവേണ്ടി തൊഴിലിൽ ഏർപെട്ടത്.ഡിസ്പ്ലേ ബോർഡിന്റെ തുക വകയിരുതിയിട്ടുണ്ടെങ്കിലും സൈറ്റില് സ്ഥപിചിരുന്നില്ല. എം ബുക്ക് പ്രകാരം 165 മീറ്ററാണ് റോഡിൻറെ നീളം എന്നാൽ ഫീൽഡ് പരിശോധനയിൽ 62 മീറ്റർ മാത്രമാണ് കണ്ടെത്താൻ സാധിച്ചത്.ശോചനീയമായ അവസ്ഥയിലാണ് റോഡ് കാണപെട്ടത്. എസ്റ്റിമേറ്റ് തുക 365355/- രൂപയും എം ബുക്ക് പ്രകാരം നൽകിയിട്ടുള്ള തുക 305142/- രൂപയും ആണ്.

.എസ്റ്റിമേറ്റും എകസ്പെൻഡിചറും തമ്മിലുള്ള വ്യത്യാസം 60213 രൂപയാണ

**9.കാലിത്തൊഴുത്ത് നിർമാണം(സതീശൻ,വർണ്ണം) IF/365073**

എസ്ടിമേറ്റ് പ്രകാരം ഗുണഭോക്താവിനു വേതനയിനത്തില് 10569 രൂപയും സ്കില്‍ഡ്/സെമിസ്കില്‍ഡ് വേതനയിനത്തില് ആകെ 25022 രൂപയും ആകെ 39 തൊഴിൽ ദിനങ്ങളും ലഭിച്ചിരുന്നു.ഡിസ്പ്ലേ ബോർഡ് ഉൾപടെ മെറ്റീരിയല് ഇനത്തിൽ 90,964 രൂപയും ലഭിച്ചതായി കാണാന് സാധിച്ചു.ആകെ ചിലവായ തുക 1,26555 എന്നും ഫീൽഡ് പരിശോധനയില് തൊഴുത്തിന്റെ പണി പൂര്‍ത്തികരിച്ചതായും അനുവദിച്ച തുക ലഭിച്ചതായും അറിയാന് സാധിച്ചു. എസ്റ്റിമേറ്റ് തുക 129247/-രൂപ ആണ്

.എസ്റ്റിമേറ്റും എകസ്പെൻഡിചറും തമ്മിലുള്ള വ്യത്യാസം 2692/-രൂപയാണ്.

**10.വെളിയനാട് തോട് ആഴം കൂട്ടി ഇരു വശങ്ങളിലും തീറ്റപ്പുൽ,രാമച്ചം വെച്ചുപിടിപ്പിക്കൽ WH/302223**

എസ്ടിമേറ്റ് പ്രകാരം 1,70926 രൂപ അനുവദിച്ചിരുന്നു.23 തൊഴിലാളികൾ അതില് ഉൾപെട്ടിരുന്നു.1300 മീറ്റർ നീളവും 1.4 മീറ്റർ വീതിയുമുള്ള തോടിന്റെ ഇരുവശങ്ങളിലും തീറ്റപ്പുൽ,രാമച്ചം എന്നിവ വെച്ചുപിടിപ്പിച്ചിരുന്നു എന്നാൽ അവയെല്ലാം വെള്ളം കയറി നശിച്ചതായി കാണാൻ കഴിഞ്ഞു. എസ്റ്റിമേറ്റ് തുക 170926/- രൂപയും എം ബുക്ക് പ്രകാരം നൽകിയിട്ടുള്ള തുക 111058/- രൂപയും ആണ്.

എസ്റ്റിമേറ്റും എകസ്പെൻഡിചറും തമ്മിലുള്ള വ്യത്യാസം 59868/- രൂപയാണ്.

**11.കാക്കോത്തിമഠം നടപ്പാത RC/278870**

എസ്ടിമേറ്റ് പ്രകാരം 57,143 രൂപ അനുവധിക്കപെട്ടിരുന്നെന്കിലും എം ബുക്ക് പ്രകാരം 49549 ആണ് കണ്ടെത്താന് സാധിച്ചത്.മെറ്റീരിയൽ തുകയായി 39270 രൂപയും ആയിരുന്നു.എം ബുക്ക് പ്രകാരം നടപ്പാതയുടെ നീളം 3m വീതി 2m ആയിരുന്നെങ്കിലും വീതി 1.92 എന്നാണ് പരിശോധനയില് കണ്ടെത്തിയത്.ഡിസ്പ്ലേ ബോർഡിന് 5000 രൂപ അനുവദിച്ചിരുന്നെങ്കിലും പ്രസ്തുത സ്ഥലത്ത് ഇത് കണ്ടെത്താൻ സാധിച്ചില്ല.ബന്ധപെട്ട മേറ്റിനോട് അന്വേഷിച്ചപ്പോൾ ഡിസ്പ്ലേ ബോർഡ് മഴയിൽ ഒലിച്ചു പോയെന്ന മറുപടിയും തൊഴിലാളികളോട് അന്വേഷിച്ചപ്പോൾ ഡിസ്പ്ലേ ബോർഡ് സ്ഥാപിചിരുന്നില്ല എന്ന മറുപടിയുമാണ് ലഭിച്ചത്

.എസ്റ്റിമേറ്റും എകസ്പെൻഡിചറും തമ്മിലുള്ള വ്യത്യാസം 7594/- രൂപയാണ്.

**12.കുന്നേവെളിതോട് ആഴം കൂട്ടി ഇരു വശങ്ങളിലും തീറ്റപ്പുൽ,രാമച്ചം വെച്ചുപിടിപ്പിക്കൽ WH/302226**

എസ്ടിമേറ്റ് പ്രകാരം 1,61177 രൂപയും എക്സ്പെൻഡിചര് 1,10148 രൂപയും ആയിരുന്നു.എം ബുക്ക് പ്രകാരമുള്ള നീളവും വീതിയും സൈറ്റില് കണ്ടെത്താന് സാധിച്ചു.തോടിന്റെ വശങ്ങളില് മഴയില് നശിചുപോയതിൽഅവശേഷിച്ച ഏതാനം തീറ്റപ്പുൽ ചെടികളും രാമച്ചവും മാത്രമാണ് കണ്ടെത്താന് കഴിഞ്ഞത്. എസ്റ്റിമേറ്റ് തുക 161177/- രൂപയും എം ബുക്ക് പ്രകാരം നൽകിയിട്ടുള്ള തുക 110148/- രൂപയും ആണ്.

എസ്റ്റിമേറ്റും എകസ്പെൻഡിചറും തമ്മിലുള്ള വ്യത്യാസം 51029/- രൂപയാണ്.

**13.IHHL ടോയിലറ്റ് നിർമ്മാണം(ലളിത ഏനേഴത്ത്) RS/340017**

എസ്ടിമേറ്റ് പ്രകാരം 12000 രൂപയും എക്സ്പെണ്ടിച്ചർ 12000 രൂപയും തന്നെ ആയിരുന്നു.മെറ്റീരിയൽ ഇനത്തില് 8748 രൂപയും വേതന ഇനത്തിൽ 3252 രൂപയും നൽകിയിട്ടുണ്ട്.ഫീൽഡ് പരിശോധനയില് വ്യക്തിഗത ഗുണഭോക്താവിന്റെ ടോയിലറ്റ് നിർമ്മാണം പൂർത്തിയായതായി കാണാന് കഴിഞ്ഞു.ഗുണഭോക്താവിന്റെ തൊഴില്കാർഡ് പരിശോധനയിൽ 12 ദിവസത്തെ തൊഴില് ലഭിച്ചതായി മനസ്സിലാക്കാൻ സാധിച്ചു.എസ്റ്റിമേറ്റും എകസ്പെൻഡിചറും തുല്യമായിരുന്നു.

**14.ഗ്രൂപ്പ് കൃഷിക്കായി തരിശുനിലം കൃഷിയോഗ്യമാക്കല്(P2) LD/230217**

എസ്ടിമേറ്റ് പ്രകാരം 3,65355 രൂപയും എംബുക്ക് പ്രകാരം 70,731 രൂപയും ആയിരുന്നു.ഡിസ്പ്ലേ ബോർഡിന് 3000 രൂപ വകയിരുതിയിട്ടുണ്ടായിരുന്നു എന്നാൽ സൈറ്റിൽ ഡിസ്പ്ലേ ബോർഡ് കാണാന് സാധിച്ചില്ല.ചീര,വെണ്ട,പച്ച്മുള്കു തുടങ്ങിയവ ആയിരുന്നു കൃഷി ചെയ്തിരുന്നത്, 4 തവണ വിളവെടുപ്പ് നടത്തുകയും ചെയ്തു.പിന്നീട് സൈറ്റിൽ വെള്ളം കയറിയതിനാൽ കൃഷി നശിക്കുകയുണ്ടായി.10 തൊഴിലാളികളാണ് ഈ പദ്ധതിയില് ഉൾപെട്ടിരുന്നത്.

എസ്റ്റിമേറ്റ് തുക 123787/- രൂപയും എം ബുക്ക് പ്രകാരം നൽകിയിട്ടുള്ള തുക 73731/- രൂപയും ആണ്

.എസ്റ്റിമേറ്റും എകസ്പെൻഡിചറും തമ്മിലുള്ള വ്യത്യാസം 50056/- രൂപയാണ്.

**15.കാലിത്തൊഴുത്ത് നിർമാണം(മല്ലിക,രേവതി) IF/365079**

എംബുക്ക് പ്രകാരം ഗുണഭോക്താവിനു ആകെ 39 തൊഴിൽ ദിനങ്ങളും വേതനവും ലഭിച്ചിരുന്നു. skilled/semiskilled വേതനവും material തുകയും തൊഴിലാളിക്ക് ലഭിച്ചിട്ടില്ല. പശുക്കളുടെ എണ്ണം കൂടുതലായതിനാൽ തൊഴുത്ത് കുറച്ചുകൂടി വലുതാക്കിയിട്ടുണ്ട്.അനുവദിച്ചിട്ടുള്ള material നേക്കാള് കൂടുതലാണ് ഉപയോഗിച്ചിട്ടുള്ളത്. ഡിസ്പ്ലേ ബോർഡ് ഫീൽഡില് കാണാന് സാധിച്ചു. എസ്റ്റിമേറ്റ് തുക 1,29247/- രൂപയും എം ബുക്ക് പ്രകാരം നൽകിയിട്ടുള്ള തുക 1,26554/- രൂപയും ആണ്.

എസ്റ്റിമേറ്റും എകസ്പെൻഡിചറും തമ്മിലുള്ള വ്യത്യാസം 2693/- രൂപയാണ്.

# അവകാശനിഷേധങ്ങൾ

തൊഴിലുറപ്പ് നിയമ പ്രകാരം തൊഴിലാളികൾക്ക് ലഭിക്കേണ്ട തൊഴിലിട സൌകര്യങ്ങളായ തണൽ, പ്രഥമ ശുശ്രൂഷ കിറ്റ്, കുടിവെള്ളം എന്നിവ തൊഴിലിടങ്ങളിൽ കാണാൻ കഴിഞ്ഞില്ല. തൊഴിലാളികൾ സ്വന്തം നിലയിൽ പിരിവ് എടുത്ത് ഇത്തരം സൌകര്യങ്ങൾ ഉറപ്പാക്കുന്നു. പണിയായുധങ്ങളുടെ വാടക തൊഴിലാളികൾക്ക് വർഷങ്ങളായി ലഭിക്കുന്നില്ല.തൊഴിൽ ആവശ്യപ്പെട്ടതിനുള്ള രസീത് ഒരു ഫയലിലും കാണാൻ കഴിഞ്ഞില്ല.പ്രവർത്തി സ്ഥലത്തുവച്ച് അപകടങ്ങൾ ഉണ്ടായാൽ അതിന്റെ ചികിത്സാചെലവ് (എത്ര രൂപയാലും,ഏതു തരത്തിലുള്ള ആശുപത്രിയായാലും) പദ്ധതി നിർവഹണ ഏജൻസി നൽകണം എന്നുള്ളതാണ് നിയമം.എന്നാൽ ഈ തുക ലഭിക്കാറില്ല എന്നാണ് തൊഴിലാളികൾ അഭിപ്രായപ്പെട്ടത്.

# നിരീക്ഷണങ്ങളും കണ്ടെത്തലുകളും

ജോബ് കാർഡിൽ തൊഴിലാളികൾ ജോലി ചെയ്തതും വേതനം ലഭിച്ചതുമായ വിവരങ്ങൾ പലയിടങ്ങളിലും രേഖപ്പെടുത്തിയിട്ടില്ല. പാസ് ബുക്ക് കൃത്യമായി പതിപ്പിച്ചിട്ടില്ല. പല പ്രവർത്തിസ്ഥലത്തും സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് ഉണ്ടായിര്ന്നില്ല.

തോട് ആഴം കൂട്ടൽ ,റോഡ് നിർമാണം ,നടപ്പാത നിർമാണം , ക്ഷീരകര്ഷകര്ക്കായി തീറ്റപുല്ല് കൃഷി ,കാലി തൊഴുത്തുനിർമാണം തുടങ്ങിയ വ്യത്യസ്തമായ പദ്ധതികൾ നടപ്പിലാക്കാൻ ശ്രമിച്ചിട്ടുണ്ട്.

തൊഴിലാളികൾ സ്വന്തം കൈയ്യിൽ നിന്നും പണം പിരിച്ചാണ് വിത്തുകളും വളവും വാങ്ങിയത് ,മാസ്ട്രോള് ഇല്ലാതെ തൊഴിലാഴികളെ കൊണ്ട് ശുചികരണ പ്രവർത്തനങ്ങൾ നടത്താറുണ്ട്.മാസ്ട്രോള് ഇല്ലാത്ത പ്രവർത്തനങ്ങളിൽ ഏർപ്പെടാത്ത തൊഴിലാളികൾക്കു പിന്നീട് തോഴി അനുവദിക്കില്ല എന്ന നയമാണ് അധികൃതർക്കുള്ളത്.ഇതിനെ പറ്റി തൊഴിലാളികൾ പരാതി ഉന്നയിച്ചിരുന്നു. പരിമിതമായ സാഹചര്യങ്ങളിൽ നിൽക്കുമ്പോഴും തങ്ങളാൽ കഴിയുന്ന വിധം നന്നായിത്തന്നെ പ്രവർത്തികൾ ചെയ്യാൻ തൊഴിലാളികൾ ശ്രമിച്ചിട്ടുണ്ട്.ഇതിനുവേണ്ട സഹായങ്ങൾ പദ്ധതി നിർവഹണ ഏജൻസി നല്കാൻ ശ്രമിച്ചിട്ടുണ്ട്

## ഏറ്റെടുക്കാവുന്ന പ്രവർത്തികൾ

- നവീകരിക്കാത്ത തോടുകളുടെ നവീകരണം
- കടലോരപ്രദേശങ്ങളിൽ കണ്ടൽകാട് വച്ചുപിടിപ്പിക്കൽ
- കളിസ്ഥല നിർമാണം, ഫാം പോണ്ട് നിർമാണം
- തെങ്ങിന് തടം തുറക്കൽ
- ഇന്ററർലോക്ക് ടൈൽ റോഡ് നിർമാണം
- തോടിന്റെ വശങ്ങളിൽ തീറ്റപ്പുല്ല് ,രാമച്ചം എന്നിവയ്ക്കു പകരം കണ്ടൽകാട് വച്ച് പിടിപ്പിക്കൽ

## സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ മിനുട്സ്

11/11/2019 തിങ്കളാഴ്ച്ച പകൽ 10.30 മുതൽ ശ്രീമതി സന്ധ്യ ബെന്നിയുടെ വസതിയിൽ വെച്ച് നടന്നു. Brp സീന ബന്ധപ്പെട്ട വാർഡിന്റെ ചുമതല വഹിച്ചു ജയശ്രീ,AE നീലിമ ,ഓവർസീയർ ഗോപൻ, ADS അംഗങ്ങൾ ,മേറ്റുമാർ, തൊഴിലാളികൾ എന്നിവർ ഗ്രാമസഭയിൽ പങ്കെടുത്തു. ഗ്രാമസഭയ്ക്ക് തൊഴിലാളിയായ ശ്രീകുമാരി അധ്യക്ഷത വഹിച്ചു. ഈശ്വരപ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിന് മേറ്റ് കനകമ്മ സ്വാഗതം ആശംസിച്ചു.

1/10/2018മുതൽ 30/3/2019വരെ പൂർത്തീകരിച്ച 14 പ്രവർത്തികളാണ് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കിയത്. സോഷ്യൽ ഓഡിറ്റിന്റെ പ്രസക്തിയെകുറിച്ചും തൊഴിലുറപ്പ് നിയമ പ്രകാരം തൊഴിലാളികൾക്ക് ലഭിക്കേണ്ട 10 അവകാശങ്ങളെ കുറിച്ചും ബി.ആർ.പി. സീന വിശദികരിച്ചു. സോഷ്യൽ ഓഡിറ്റിന് വിധേയമാക്കിയ പ്രവർത്തികളുടെ ഫയൽ, ഫീൽഡ് പരിശോധനയിലെ കണ്ടെത്തലുകളും, റിസോഴ്സ് പേഴ്സൺമാർ ഗ്രാമസഭയിൽ അവതരിപ്പിച്ചു.

എസ്റ്റിമേറ്റ് ,എംബുക്ക് പ്രകാരമുള്ള പ്രവർത്തികളിൽ ഫീൽഡ് തല പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചൂണ്ടി കാണിക്കുന്നതോടൊപ്പം ഡിസ്പ്ലേ ബോർഡ് സ്ഥാപിക്കുന്നതിൽ ഉണ്ടായിട്ടുള്ള വീഴ്ചകൾ ശ്രദ്ധയിൽ പ്പെടുത്തുകയും ചെയ്തു. ഇതോടൊപ്പം ഫയലിലെ രേഖകളുടെ അഭാവവും ഈ സന്ദർഭത്തിൽ വിശകലനം ചെയ്യുകയുണ്ടായി

**പൊതുചർച്ചയിൽ പങ്കെടുത്ത തൊഴിലാളികൾ**

1) കുഞ്ഞുമോൾ: തൊഴിലിട സൗകര്യങ്ങളായ തണൽ ,കുടിവെള്ളം ,ഫസ്റ്റ് എയ്ഡ് എന്നിവ ലഭിമാക്കണം

2) അമ്മിണി :ആയുധ വാടക ആദ്യ കാലങ്ങളിൽ നൽകിയിരുന്നു .എന്തുകൊണ്ടാണ് ഇപ്പോൾ ഇതു നൽകാത്തതെന്ന് സംശയം ഉന്നയിച്ചു.

3) ലിജി -വിത്ത്, വളം തുടങ്ങിയവ തൊഴിലാളികൾ സ്വന്തം കൈയിൽ നിന്ന് പണം മുടക്കിയാണ് വാങ്ങിയത് ആയതിനാൽ വളത്തിന് ചെലവായ തുക ലഭ്യമാക്കണം

4)ഉഷ - ടീച്ചേഴ്സ് ലൈൻ റേഡിൽ ഡിസ്പ്ലേ ബോർഡ് സ്ഥാപിച്ചിട്ടുണ്ടെന്ന് അഭിപ്രായപ്പെട്ടു.

5)കനകമ്മ- ടീച്ചേഴ്സ് ലൈൻ റോഡിന്റെ ഫീൽഡ് പരിശോധന വേളയിൽ ഡിസ്പ്ലേ ബോർഡ്പരിശോധനയ്ക്കെത്തിയവർക്ക് കാണിച്ചു കൊടുത്തിരുന്നു ആയതിനാൽ ഗ്രാമസഭ യോഗത്തിനു ശേഷം പ്രസ്തുത സ്ഥലം പരിശോധിക്കണം

6)സതി - 100 ദിവസം തൊഴിൽ ദിനങ്ങൾ ഉറപ്പാക്കണമെന്ന് അഭിപ്രായപ്പെട്ടും

7)രമണി - മഴക്കാലത്ത് വീടുകളിൽ വെള്ളം നിറയുന്ന പ്രദേശമായതിനാൽ യാത്ര ദുഷ്കരമാകുന്നുവെന്നും ആയതിനാൽ കലിങ്ക് നിർമിക്കണമെന്ന് അഭിപ്രായപ്പെട്ടും

8 )സീമ - പഴയത് പ്പോലെ ക്ലിനിംങ് പ്രവൃത്തികൾ നൽകണമെന്ന് അഭിപ്രായപ്പെട്ടും

9. ഗീതമ്മ-കൊട്ടാരം തോടിന് മുകളിലൂടെ പാലം നിർമ്മിക്കണമെന്ന് നിർദേശിച്ചു.

10. സതി - റോഡ് പണിയിൽ വിദഗ്ദ്ധ, അർദ്ധ വിദഗ്ദ്ധ തൊഴിലാളികൾ ഉണ്ടായിരുന്നില്ല

**ചർച്ചയ്ക്കുള്ള മറുപടി**

ഓവർസിയർ ജയശ്രീ

* ഫയൽ പരിശോധയിലെ പോരായ്മകൾ ഇനി മുതൽ പരിഹരിക്കാൻ ശ്രമിക്കാം

* തൊഴിലിട സൗകര്യങ്ങളായ പ്രഥമ ശുശ്രുഷ കിറ്റ്, തണൽ, കുടിവെള്ളം എന്നിവ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി നൽകാൻ ശ്രമിക്കാം

* ആയുധ വാടക ഇപ്പോൾ നിലവിലില്ലാത്തതിനാൽ ഷാർപ്പനിങ് ചാർജ് ലഭ്യമാക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കാം

* വളത്തിന്റെ തുക ഇനി മുതൽ ലഭ്യമാക്കാൻ ശ്രമിക്കുന്നതാണ്.

* ഡിസ്പ്ലേ ബോർഡ് പദ്ധതിയിടങ്ങളിൽ സ്ഥാപിക്കുന്നുണ്ട്

* ക്ലിനിംങ് പോലുള്ള പദ്ധതികൾ ഇനി മുതൽ നൽകുവാൻ സാധിക്കില്ല. 3 വർഷക്കാലം നീണ്ടു നിൽക്കുന്ന പ്രവൃത്തികളാണ് ഇപ്പോൾ ഏറ്റെടുക്കുന്നത്

* തൊഴിലാളികൾക്ക് 100 ദിവസം തൊഴിൽ ദിനങ്ങൾ അനുവദിക്കാൻ പരമാവധി ശ്രമിക്കാറുണ്ട്.തൊഴിലാളികൾ കൂടി തൊഴിൽ തെരഞ്ഞെടുക്കുന്നതിന് പങ്കാളിയാവണം. തൊഴിലുകൾ കണ്ടെത്തിയറിക്കണം

* ടീച്ചേഴ്സ് ലൈൻ റോഡിൽ ബോർഡ് സ്ഥാപിച്ചെന്ന് ബോധ്യമുണ്ട്. ആയതിനാൽ ഇത് പരിശോധിക്കണം

* വലിയ വെളി ഗ്രാവൽ റോഡിന്റെ നീളത്തിലുണ്ടായ കുറവിന് കാരണം വെള്ളം നിൽക്കുന്ന പ്രദേശമായതിനാൽ പൂഴി കനത്തിൽ ഇടേണ്ടി വന്നതാണ്. 165m. നീളത്തിൽ ഇടാനുള്ള അത്രയും ഗ്രാവൽ തന്നെ പ്രസ്തുത സ്ഥലത്ത് ഇറക്കിയിരുന്നു

## തീരുമാനങ്ങൾ

*സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് AMC പ്രകാരം തന്നെ.
സ്ഥാപിക്കണമെന്ന് ഇതിലെ രേഖപ്പെടുത്തലുകൾ സാധാരണക്കാർക്ക് മനസിലാവുന്ന രീതിയിൽ ആയിരിക്കണമെന്ന് തീരുമാനിച്ചു.

* വലിയ വേളി ഗ്രാവൽ റോഡിന്റെ നീളത്തിലുണ്ടായ വ്യത്യാസം ഗുരുതര വീഴ്ചയാണ് ഇനി ഇത്തരം പ്രശ്നങ്ങൾ ഉണ്ടാവാതിരിക്കാൻ ബന്ധപ്പെട്ടവർ നിശ്ചിത ഇടവേളകളിൽ പ്രവൃത്തി സ്ഥലങ്ങൾ സന്ദർശിക്കുകയും എസ്റ്റിമേറ്റ് പ്രകാരമുള്ള രീതിയിൽ പ്രവൃത്തി നടന്നിട്ടുണ്ടെന്നു ഉറപ്പു വരുത്തുകയും ചെയ്യണം

* എസ്റ്റിമേറ്റ് ജനകീയ ഭിക്ഷയിലാക്കാനുള്ള നടപടികൾ സ്വീകരിക്കണം

* തടസ്സം കൂടാതെ തൊഴിൽ ലഭ്യമാക്കാനുള്ള സാഹചര്യം ഉറപ്പാക്കണം.

*തൊഴിലിട സൗകര്യങ്ങളായ പ്രഥമ ശുശ്രൂക്ഷ കിറ്റ്, തണൽ, കുടിവെള്ളം, എന്നിവ ലഭ്യമാക്കാൻ തീരുമാനിച്ചു.

* ഫയലിലെ രേഖകൾ എല്ലാം ഉൾകൊള്ളിക്കുന്നതിൽ പ്രത്യേക ശ്രദ്ധ ചെലതണം

* ഡിസ്പ്ലേ ബോർഡ്, പദ്ധതികളിലും ഫയലിലും ഉണ്ടായിട്ടുള്ള അപാകതകൾ പ്രസ്തുത യോഗം വിശദമായി വിശകലനം ചെയ്യുകയുണ്ടായി 165 m നീളം ഉണ്ടാകെണ്ടിയിരുന്ന വലിയ വെളി ഗ്രാവൽ റോഡ് ഫീൽഡ് പരിശോധനയിൽ വെറും 62 m മാത്രംസൈറ്റിൽ കാണാൻ സാധിച്ചത് .ഗുരുതര കൃത്യവിലോഫമായി സോഷ്യൽ ഓഡിറ്റ് അംഗങ്ങൾ വിലയിരുത്തി.

തുടർന്ന് ഓഡിറ്റ് റിപ്പോർട്ട് അംഗികരിക്കപ്പെടുകയും . ശ്രീജ നന്ദി രേഖപ്പെടുത്തിയ ശേഷം യോഗം നടപ്പടികൾ അവസാനിപ്പിക്കുകയും ചെയ്തു. 1 മണിയോടെ ഗ്രാമസഭ അവസാനിച്ചെങ്കിലും പല സ്ഥലങ്ങളിലും ഡിസ്പ്ലേ ബോർഡ് സ്ഥാപിച്ചിട്ടില്ല എന്ന വി.ആർ.പി മാരുടെ കണ്ടെത്തൽ അംഗികരിക്കാൻ തൊഴിലാളികൾ തയ്യാറാകാത്തതിനാൽ ഫീൽഡ് പരിശോധന വേളയിൽ ശേഖരിച്ച ചിത്രങ്ങൾ തൊഴിലാളികളെ കാണിക്കേണ്ടതായി വന്നു. എന്നാൽ ടീച്ചേഴ്സ് ലൈൻ റോഡിലെ ഡിസ്പ്ലേ ബോർഡ്തലേ ദിവസം വരെ കണ്ടു എന്ന തൊഴിലാളികളുടെ തർക്കത്തെ തുടർന്ന് ഇവരുടെ തന്നെ നിർബന്ധപ്രകാരം പദ്ധതി സ്ഥലം വീണ്ടു പരിശോധിക്കുകയുണ്ടായി മേറ്റ്, തൊഴിലാളികൾ,ഓവർസിയർ എന്നിവരുടെ സാന്നിധ്യത്തിൽ ഇവിടെ സന്ദർശിച്ചു എങ്കിലും പദ്ധതി സ്ഥലത്ത് ഡിസ്പ്ലേ ബോർഡ് കണ്ടെത്തനായില്ല. തുടർന്ന് ബോർഡിന്റെ തുക ഇനി മുതൽ മേറ്റിനേയും കുടുംബശ്രീ പ്രവർത്തകരെയും ഏൽപിക്കാൻ തീരുമാനിക്കുകയുണ്ടായി.

BRP :- സീന കെ ആർ

VRPs :- വ്യാസൻ എൻ എൽ, അശ്വതി ടി എസ്, ആതിര എസ് വി, അനുപമ ആർ, ഗ്രീഷ്മ ജി മോൾ, ശ്രുതി എസ്, അശ്വതി എസ്